പീപ്പിൾസ് പൊളിറ്റിക്സ്

# ഒറ്റയ്ക്ക് പൊരുതിയവന്റെ പാട്ട്

കെ.പി ശശി



*ഇംഗ്ലീഷിൽ നിന്നുള്ള സംഗ്രഹീത വിവർത്തനം*

**അടിയന്തരാവസ്ഥ .** നാവടക്കൂ, പണിയെടുക്കൂ എന്ന് ഇന്ദിരാഗാന്ധി. പത്രങ്ങൾ, ടെലിവിഷൻ, ബ്യൂറോക്രസി, ചില രാഷ്ട്രീയക്കാർ... ചോദ്യം ചെയ്യാതെ അനുസരിച്ചവരായിരുന്നു ഏറെ. വായടക്കാൻ വിസമ്മതിച്ചവരെ തുറുങ്കിലടച്ചു, ക്രൂരമർദ്ദനങ്ങളേൽപിച്ചു. കൊന്നു.

എന്നാൽ രാജ്യത്തെമ്പാടും അനുസരണക്കേടുകാണിച്ച് ചെറുത്തുനിന്നവർ ഏറെയുണ്ടായിരുന്നു, വിവിധ പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിച്ചവർ, വായടക്കാതിരുന്നവർ.

ഇപ്പോൾ, ബാംഗ്ലൂരിലിരുന്നുകൊണ്ട്, ഞാനും എന്റെ സുഹൃത്തും ഒരു കണക്കെടുപ്പു നടത്തി. അന്ന് അടിയന്തരാവസ്ഥയ്ക്കെതിരെ പ്രതികരിച്ചിരുന്നവരിൽ എത്രപേർ ഇന്ന് സമൂഹത്തിന്റെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് തളരാത്ത പ്രതിരോധവുമായി സജീവമായി നിൽക്കുന്നുണ്ട്? ബാംഗ്ലൂരിൽ അഞ്ചുപേരെ ഓർത്തെടുക്കാൻ കഴിഞ്ഞു. മുംബൈയിൽ 12 പേർ. ഡെൽഹിയിലും അത്രതന്നെ. രാജ്യമൊട്ടാകെ എഴുപതുപേരോളം ഇപ്പോഴുമുണ്ട്, ആ പ്രതിഷേധത്തിന്റെ തീ ഇന്നും സൂക്ഷിക്കുന്നവർ.

പ്രതിരോധത്തിന്റെ യുവത്വം കെടാതെ സൂക്ഷിച്ച അപൂർവ്വം ചിലരിലൊരാളായിരുന്നു ശരത്ചന്ദ്രൻ. വ്യവസ്ഥയോടുള്ള കലഹം തുടങ്ങുന്നത് അടിയന്തരാവസ്ഥ കാലത്ത്; സൈലന്റ് വാലി സമരത്തിലൂടെ പരിസ്ഥിതിരാഷ്ട്രീയത്തിന്റെ ധാരയിൽ ശരത്ചന്ദ്രൻ സജീവമായി. അടിയന്തരാവസ്ഥയ്ക്ക് ശേഷം കേരളത്തിലെ ലിറ്റിൽമാഗസിൻ പ്രസ്ഥാനത്തിലും. ചലച്ചിത്രത്തിൽ കച്ചവടത്തിനായുള്ള ഒത്തുതീർപ്പുകളോട് കടുത്ത വിരോധം പുലർത്തി. തെറ്റെന്നു തോന്നിയതിനോടൊക്കെ തീവ്രമായി രോഷം കൊണ്ടു. ശരിയെന്നുതോന്നിയതിനോടൊക്കെ ഒപ്പം നിന്നു.

എന്നെക്കാൾ ഒരുമാസം പ്രായക്കൂടുതലേ ഉണ്ടായിരുന്നുള്ളൂ ശരത്ചന്ദ്രന്. വ്യക്തിപരമായ വിരോധമൊട്ടും തന്നെ അവശേഷിപ്പിക്കാതെ കഠിനമായി കലഹിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു.



എൺപതുകളുടെ തുടക്കത്തിലാണ് ഞങ്ങൾ പരസ്പരം കണ്ടുമുട്ടുന്നത്, അരിയന്നൂരിൽ സിവിക് ചന്ദ്രൻ വിളിച്ചുചേർത്ത വിവിധ പ്രതിരോധ പ്രസ്ഥാനങ്ങളുടെ ഒത്തുചേരലിനിടയിൽ. നൂറോളം സംഘടനകളിൽ നിന്നായി പങ്കെടുത്തവരിലധികവും സൈലന്റ് വാലി സമരത്തോട് ചേർന്നുനിന്നവരായിരുന്നു.

സതീഷ് ചന്ദ്രൻ നായരുടെ സംഭാഷണം ഞാനന്ന് ശ്രദ്ധയോടെ കേട്ടു. പക്ഷികളും പ്രാണികളും പുഴുക്കളും മരങ്ങളും കാടുകളും മണ്ണും വെള്ളവും വിവിധ ആദിമ ഗോത്രങ്ങളുടെ പ്രകൃതിജീവിതവും പ്രകൃതിസംരക്ഷണമാർഗ്ഗങ്ങളുമൊക്കെയാണ് ഞാനടക്കമുള്ള സമൂഹങ്ങളെ നിലനിർത്തുന്നതെന്ന ബോധ്യം അന്നാണ് എനിക്കുണ്ടായത്. ഈ ബോധോദയം എന്റെ ജെ.

എൻ. യു. ആർജ്ജിത തീവ്ര മാർക്സിസ്റ്റ് ബോധ്യങ്ങളെയും അതിന്റെ *എല്ലാം പരിഹരിക്കുന്ന* രാഷ്ട്രീയ തത്വശാസ്ത്രത്തേയും തകിടം മറിക്കുന്നതായിരുന്നു. ശരത് അതിനേക്കാൾ മുമ്പുതന്നെ സതീഷ് ചന്ദ്രൻനായരുടെ ചിന്തകളുടെ സാരം മനസ്സിലാക്കിയിരുന്നു. മണ്ണിന്റെയും ജീവന്റെയും സങ്കീർണതകൾ മനസ്സിലാക്കാൻ സ്വയം എളിമയുള്ളവനും മനുഷ്യത്വമുള്ളവനുമായി മാറേണ്ടതുണ്ടെന്ന് എനിക്ക് ബോധ്യപ്പെട്ടു. ജോൺസി ജേക്കബിന്റെ സംഭാഷണം എന്റെ പുതിയ ബോധ്യങ്ങളെ കൂടുതൽ ഉറപ്പിച്ചു. സൈലന്റ്‌വാലി (പക്ഷോഭത്തിന് ഉൾക്കരുത്ത് നൽകിയ ആത്മീയസാന്നിദ്ധ്യമായിരുന്നു ജോൺസി. ശരത് എന്നെക്കാൾ ഏറെ മുമ്പുതന്നെ ഈ കൂട്ടത്തിൽ കലർന്നിരുന്നു.

കേരളത്തിൽ വീഡിയോ കാമറ എന്ന സാധനം ആദ്യമായി തൊടുന്നത് ശരത് ചന്ദ്രനായിരിക്കണം. അവൻ ബോംബെയിൽ ജോലി ചെയ്തിരുന്ന സ്ഥാപനം ഒറീസയിൽ ഷൂട്ട് ചെയ്യാനായി ഒരു വീഡിയോ ക്യാമറ നൽകി. രാത്രി മുഴുവൻ അവൻ അതിന്റെ മാനുവൽ പഠിച്ചു. ചെയ്തുനോക്കി. രാവിലെയായപ്പോഴേക്കും അവൻ ക്യാമറാമാനായി. ആരും അവനെ പഠിപ്പിച്ചില്ല. എഫ്. ടി. ഐ. ഐ., ജാമിയ തുടങ്ങി ഒരു ഫിലിംസ്കൂളിലും പഠിച്ചില്ല. സിനിമയും രാഷ്ട്രീയവും സ്വയം പഠിച്ചു. ശരതും എന്റെ ആക്ടിവിസ്റ്റ് സുഹൃത്ത് ധീരേന്ദ്ര പാണ്ടയുമായി ഒറീസയിൽ സഞ്ചരിച്ചപ്പോൾ, താൻ ആദ്യമായി ചിത്രീകരിച്ച ഒറീസയിലെ ഗ്രാമങ്ങൾ ശരത് കാണിച്ചുതന്നു. അവിടുത്തെ ഗ്രാമങ്ങളും മനുഷ്യരും അപ്രത്യക്ഷരായിക്കഴിഞ്ഞിരുന്നു. നാൽകോ തുടങ്ങിയ കമ്പനികൾ ജനങ്ങളുടെ ജീവിതത്തെയും പ്രകൃതിയെയും തകർത്തെറിയുന്നുവെന്ന യാഥാർത്ഥ്യം അയാളെ അസ്വസ്ഥനാക്കി.

അരിയന്നൂരിൽ കണ്ടുമുട്ടിയപ്പോൾ തന്നെ സാമൂഹ്യമാറ്റത്തിനുവേണ്ടി വീഡിയോ ക്യാമറ ഉപയോഗിക്കുന്നതിനെപ്പറ്റി ആവേശപൂർവ്വമാണ് ശരത് സംസാരിച്ചത്. പിന്നീടിങ്ങോട്ട് ഞാനെടുത്ത ഡോക്യുമെന്ററികൾക്ക് പിറകിലെവിടെയെങ്കിലും ശരത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു, ശരത്തിന്റെ ഉദ്യമങ്ങളിൽ ഏതെങ്കിലും വിധത്തിൽ ഞാനും.

എങ്കിലും എന്റെ സഹപ്രവർത്തകൻ പി.ബാബുരാജായിരുന്നു ശരത്തിന്റെ ഏറ്റവും ഉറ്റസുഹൃത്ത്. അവർ കാടുകൾ കയറിയിറങ്ങി. പ്രശ്നങ്ങളിൽ ഇടപെട്ടു. അവരുടെ പരിശ്രമങ്ങൾ പലതും വിജയം കണ്ടു. ഞാൻ എന്റെ ഭാണ്ഡങ്ങൾ അഴിച്ചുവെയ്ക്കാൻ പാടുപെടുന്നതിന് എത്രയോ മുമ്പുതന്നെ അവർ തുടങ്ങിക്കഴിഞ്ഞിരുന്നു.

പൂയംകുട്ടി പദ്ധതിയെക്കുറിച്ച് ശരത് ഒരു ഡോക്യുമെന്ററിയെടുത്തു. ബിർള കമ്പനിയുടെ ചാലിയാർ മലിനീകരണത്തെക്കുറിച്ചും അതിനെതിരെയുള്ള ജനകീയ സമരത്തെക്കുറിച്ചും ശരതും ബാബുവും ചേർന്ന് നിർമ്മിച്ച ഡോക്യുമെന്ററി സമരത്തിന്റെ വിജയത്തിൽ നിർണായക സ്വാധീനമായി. ചിത്രവുമായി കേരളത്തിനകത്തും പുറത്തുമുള്ള ഗ്രാമങ്ങളിൽ അവർ സഞ്ചരിച്ചു. ജനങ്ങളെ കാണിച്ചു. ഒടുവിൽ ബിർള കെട്ടുകെട്ടി. പ്ലാച്ചിമടയെക്കുറിച്ചുള്ള രണ്ട് ചിത്രങ്ങൾ അവരുടേതായി വന്നു. രണ്ടും വ്യാപകമായി പ്രദർശിപ്പിക്കപ്പെട്ടു. പല അമേരിക്കൻ സർവ്വകലാശാലകളിലും കൊക്കകോള നിരോധിക്കാൻ ഈ ഡോക്യുമെന്ററികൾ കാരണമായി. സൈലന്റ് വാലി-2 എന്ന് അറിയപ്പെടുന്ന പാത്രക്കടവ് പദ്ധതി, ചെങ്ങറ സമരം എന്നിവ ശരതും സുഹൃത്തും വീണ്ടും ക്യാമറയിലാക്കി.

ചിത്രാഞ്ജലി സ്റ്റുഡിയോവിലെ സൗണ്ട് റെക്കോഡിസ്റ്റ് ഹരിയോട് ഞാനൊരിക്കൽ തമാശയായി പറഞ്ഞു, എന്നെങ്കിലും ചിത്രാഞ്ജലി പൂട്ടാനുള്ള തീരുമാനം വന്നാൽ ശരത്തിനേം ബാബുവിനേം വിളിച്ച് ഒരു ഡോക്യുമെന്ററിയെടുപ്പിക്കണം. ആ തീരുമാനം ഉറപ്പായും പിൻവലിക്കപ്പെടും! പക്ഷേ, ഹരിക്ക് അതത്ര ഇഷ്ടപ്പെട്ടില്ല എന്ന് തോന്നുന്നു. ശരത്തിന്റെ ചിത്രങ്ങൾ കൊണ്ട് ഈ സമരങ്ങൾ വിജയിച്ചു എന്നല്ല പറഞ്ഞത്. ഈ സമരങ്ങളെല്ലാം തന്നെ പൂർണവിജയങ്ങളായി എന്നും അർത്ഥമില്ല. പക്ഷേ, ഈ ചിത്രങ്ങൾ തീർച്ചയായും ശക്തമായ ആയുധങ്ങളായിരുന്നു. പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിൽ അവയുടെ പങ്ക് തീർച്ചയായും വലുതായിരുന്നു. കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള ജനങ്ങൾ ഈ സമരങ്ങളുടെ അന്തസത്ത മനസ്സിലാക്കി പിന്തുണയ്ക്കാനെത്തിയതിനുപിന്നിൽ ഇവരുടെ ചിത്രങ്ങളുടെ സ്വാധീനം ചെറുതല്ല. ഡോക്യുമെന്ററി എടുത്ത് മിണ്ടാതിരിക്കുകയല്ല ശരത് ചെയ്തത്. അത് കൊണ്ടുനടന്ന് പ്രദർശിപ്പിച്ചു, ജനങ്ങളിലേക്കെത്തിച്ചു. എന്നെ പലപ്പോഴും അസൂയാലുവാക്കിയിരുന്ന ഒരു ഊർജ്ജം ശരത്തിലുണ്ടായിരുന്നു. അടിയുറച്ച വിശ്വാസവും തളരാത്ത വീര്യവും. സാമൂഹ്യമാറ്റത്തിനുവേണ്ടിയുള്ള സിനിമകളെക്കുറിച്ച് പഠിക്കാനാഗ്രഹിക്കുന്നവർക്ക് ശരത് ചന്ദ്രൻ ഒരു ഡോക്ടറൽ തീസീസാണ്.

ജോൺ അബ്രഹാമിനെക്കുറിച്ച് ഡോക്യുമെന്ററിയെടുക്കാൻ ശരത് തയ്യാറായപ്പോൾ അതിനെ ഞാൻ ചോദ്യം ചെയ്തു. അരികുജീവിതങ്ങളുടെ സമരങ്ങളെക്കുറിച്ചോ അവയെ ശക്തിപ്പെടുത്തുന്നതിനോ ജോൺ ശ്രമിച്ചിട്ടില്ല എന്നായിരുന്നു എന്റെ നിരീക്ഷണം. അതുകൊണ്ടുതന്നെ ശരത് ജോണിനെക്കുറിച്ചല്ല, ജോൺ ശരതിനെക്കുറിച്ചായിരുന്നു സിനിമയെടുക്കേണ്ടിയിരുന്നത് എന്നായിരുന്നു എന്റെ വാദം. ആ പ്രകോപനത്തോട് അവൻ അതിരൂക്ഷമായിത്തന്നെ പ്രതികരിച്ചു. ജോണിനെപ്പോലെ തന്നെ ഒരു സൂഫിയെപ്പോലെ ശരതും ജീവിച്ചു മറഞ്ഞു. അവരുടെ യാത്രയും സുഹൃത്തുക്കളും സ്വപ്നങ്ങളുമൊക്കെ തമ്മിൽ അനേകം സാമ്യങ്ങളുണ്ടായിരുന്നു. ജീവിതത്തിന്റെ നിരവധിമേഖലകളിൽ നിന്നും നൂറുകണക്കിന് സുഹൃത്തുക്കൾ. ബുദ്ധിജിവികളും സിനിമാക്കാരും എഴുത്തു

കാരും അതിസാധാരണക്കാരു മൊക്കെ തുല്യപ്രാധാന്യത്തോടെ ശരത്തിന് ചുറ്റും സ്നേഹവലയം കാത്തു. ഒട്ടും പ്രതീക്ഷിക്കാതെ വിട വാങ്ങിയപ്പോൾ കേരളത്തിനകത്തും പുറത്തും ആയിരക്കണക്കിന് പേർ നൊന്തുകരഞ്ഞു. എനിക്കറിയാം, ഞാൻ വിടവാങ്ങുമ്പോൾ ഇതിന്റെ ചെറിയൊരുശതമാനം ആളുകൾ പോലും ദുഃഖിക്കില്ലെന്ന്. കാരണം ബന്ധങ്ങൾക്ക് ശരത് വലിയ വില നൽകി. മതതീക്ഷ്ണമായ ചിട്ട യോടെ അവ കാത്തുസൂക്ഷിച്ചു. കലവറയില്ലാതെ സ്നേഹം പകു ത്തു.


കഴിഞ്ഞ കുറെ വർഷങ്ങളായി അഴ്ചയിൽ അഞ്ചുതവണയെങ്കിലും ശരത് വിളിക്കും. മിക്കപ്പോഴും രാത്രി ഒരുമണിക്കും രണ്ടുമണിക്കുമൊക്കെ. ശക്തമായ ആ ശബ്ദം. ഇവിടല്ലോ നമ്മളെത്ര പൊൻകിനാവിൻ വിത്തു നട്ടു..... എന്ന ഗാനം ചെവിയിൽ മുഴ ങ്ങും. അവന്റെ മറ്റു സുഹൃത്തു ക്കളും ഈ പാട്ട് നിരവധി തവണ കേട്ടിരിക്കും. പക്ഷേ, ഞാനത് എത്ര യോതവണ, ഏതെല്ലാം സ്ഥലങ്ങ ളിൽ കേട്ടിരിക്കുന്നു.. കാന്ധമാലിൽ, പോസ്കോയിൽ, നർമ്മദാതാഴ്വര യിൽ, ഓട്ടോറിക്ഷകളിൽ, ബസ്സുക ളിൽ, നിരവധിയാത്രകളിൽ, നിരവധി ദേശങ്ങളിൽ. എപ്പോഴും അവനോ ടൊപ്പം ഈ പാട്ടും സഞ്ചരിച്ചു. ഇപ്പോഴും രാത്രികളിൽ ഞാൻ ആ പാട്ട് കേൾക്കുന്നു. എന്റെ ചെവി യിൽ ശക്തമായ ആ സ്വരം.

എൺപതുകളുടെ അവസാനമാകു മ്പോഴേക്കും സിനിമാആക്ടിവിസം ശരത്തിനെ പാപ്പരാക്കിയിരുന്നു. സാമ്പത്തികബാധ്യതകൾ മറ്റുവഴി കൾ തേടാൻ പ്രേരിപ്പിച്ചു. ഗൾഫി ലേക്ക് പോകാൻ. അഞ്ച് വർഷം അവിടെ ജോലി ചെയ്ത്, ബാധ്യത കൾ തീർത്ത് ഒരു ക്യാമറയും എഡി റ്റിങ് മെഷീനും പ്രൊജക്ടറുമായി തിരിച്ചുവരാനുമായിരുന്നു പദ്ധതി. സുഹൃത്തുക്കൾ പലരും ഗൾഫ് ഉദ്യ മത്തെ നല്ല ഒരു തീരുമാനമായി കണക്കാക്കിയില്ല. അവന്റെ ബാധ്യത കളുടെ ആഴമറിയാവുന്നതുകൊണ്ട് ഞാൻ സമ്മതിച്ചു. ഗൾഫിൽ പോകുന്നതിന് കുറച്ചുനാൾ മുമ്പ് നർമ്മദയിൽ ഷൂട്ട് ചെയ്യാനായി അവൻ എന്നോടൊപ്പം വന്നു. സമര പ്രവർത്തകരോടൊപ്പം ഞങ്ങളേയും പൊലീസ് അറസ്റ്റുചെയ്തു. തിരിച്ച് റിസർവ്വ് ചെയ്യാത്ത കംപാർട്ട്മെന്റിൽ കയറി പോരു മ്പോൾ അവിടെ നിന്നു കിട്ടിയ കാട്ടുപാട്ടുകൾ അവൻ കൂടെക്കൊ ണ്ടുപോന്നു, ഉച്ചത്തിൽ തന്നെ പാടി. ഗൾഫ് അവനെ മാറ്റിക്കളഞ്ഞതായി, മറ്റൊരു മൂശയിൽ പരുവപ്പെടുത്തിയ തായി തോന്നി. എന്താണ് അവൻ പ്രഖ്യാപിച്ചിരുന്നത്, അതിന് വിരുദ്ധ മായ ദിശയിൽ സഞ്ചരിക്കുന്നതായി അനുഭവപ്പെട്ടു. പക്ഷേ, യാതൊരു ചാഞ്ചല്യവുമില്ലാതെ ശരത് തിരിച്ചെ ത്തി. പറഞ്ഞതുപോലെ, ക്യാമറയും എഡിറ്റിങ് സംവിധാനവും പ്രൊജ ക്ടറുമായി. വീണ്ടും, പഴയ ശരത് ചന്ദ്രൻ, മരണം വരെ!

കഴിഞ്ഞ വർഷം സാമ്പത്തിക ബാധ്യതകൾ വീണ്ടും പ്രശ്നമായി. ഗൾഫിലേക്ക് തിരിച്ചുപോവുന്നതി നെപ്പറ്റി ശരത് പറഞ്ഞുതുടങ്ങി. പക്ഷേ, ഞാൻ എതിർത്തു, ശക്തമാ യിത്തന്നെ. കാരണം, ഡോക്യു മെന്ററി സംവിധായകൻ എന്ന നില യിൽ ശരത് അനിഷേധ്യനായി ത്തീർന്നിരുന്നു. ശരത്തിന്റെ ശബ്ദം കൂടുതൽ ശക്തവും ആധികാരി കവുമായിത്തീർന്നിരുന്നു. കേരളം അവനെ ആവശ്യപ്പെട്ടിരുന്നു. പകരം വെയ്ക്കാൻ മറ്റൊരാളില്ലാത്ത വിധം ആ സാന്നിദ്ധ്യം നിർണ്ണായകമായി ത്തീർന്നിരുന്നു. നിശ്ശബ്ദനായിരി ക്കാൻ വിസമ്മതിച്ച ഒറ്റയാൾപ്പട്ടാള മായിരുന്നു. പക്ഷേ, ഇന്ന് എന്റെ ഉപ ദേശത്തെക്കുറിച്ച് ഞാൻ വേദന യോടെ ഓർക്കുന്നു. ഗൾഫിലേക്ക് പോയിരുന്നെങ്കിൽ ഒരു പക്ഷേ....

ഒരിക്കൽ ശരത് എന്നെ കല്ലാറിൽ കൊണ്ടുപോയി. ഡോ. വിജയന്റെ ബോഡി ട്രീയിൽ. ആദിവാസി വൈദ്യവും ആയുർവ്വേദവും സമന്വ യിപ്പിക്കുന്ന ഡോ. വിജയൻ ഞങ്ങൾക്ക് ചില ശ്വസനക്രിയകൾ പറഞ്ഞുതന്നു. ശ്വസനം ക്രമീകരിക്ക ലാണ് അദ്ദേഹത്തിന്റെ ചികിത്സ യുടെ പ്രധാന ഘടകം. മൂക്കിലൂടെ മാത്രം ശ്വസിക്കാനും ഉറങ്ങുമ്പോൾ വായടച്ചുപിടിക്കാൻ ശ്രദ്ധിക്കാനും അദ്ദേഹം നിർദ്ദേശിച്ചു. ഉറങ്ങു മ്പോൾ പേപ്പർ പ്ലാസ്റ്ററുപയോഗിച്ച് വായ് അടച്ചുവെയ്ക്കാൻ അദ്ദേഹം ഉപദേശിച്ചു. കൂർക്കം വലിയും മറ്റ് പല രോഗങ്ങളും മാറിക്കിട്ടും. ഞങ്ങൾക്ക് രണ്ട് പേർക്കും ചികിത്സ ഫലം ചെയ്തു. എന്നാൽ ഇന്ദിരാഗാന്ധിക്കോ ഡോ. വിജയനോ ശരത്തിന്റെ വായടയ്ക്കാൻ കഴിഞ്ഞില്ല. കാരണം സ്വന്തം ജീവിതം കൊണ്ട് അയാൾക്ക് ഒരുപാട് പറയാനുണ്ടാ യിരുന്നു. അന്ന് ശ്രദ്ധിക്കാതിരുന്ന വർക്ക് ഇപ്പോൾ ശ്രദ്ധിക്കാം.

ശരത്തിന്റെ മരണത്തിന് ആറ് ദിവ സത്തിന് ശേഷം. ഞാനും ചലച്ചി ത്രകാരൻ മേഘനാഥും മറ്റ് ആക്ടി വിസ്റ്റുകളും ഒറീസയിൽ കാത്തു നിൽക്കുകയാണ്. അവരിലധികവും ആദിവാസിപ്രവർത്തകരും ദളിത് പ്രവർത്തകരുമായിരുന്നു. പലരും കരയുന്നുണ്ടായിരുന്നു. ശരത് വരാ മെന്നേറ്റിരുന്നു. ഞങ്ങൾക്ക് കാത്തു നിൽക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. ഒരു പക്ഷേ, ഒറീസയിലെ വിദൂര ഗ്രാമങ്ങളിലെ പാവപ്പെട്ട മുഖ ങ്ങൾക്കിടയിൽ ശരത്തിന്റെ ആത്മാവ് ഞങ്ങളോടൊപ്പം സഞ്ച രിക്കുകയാവാം. കാരണം, അവന്റെ സ്വപ്നങ്ങൾ അതിരുകൾ ഭേദിച്ച് സഞ്ചരിക്കുന്നതായിരുന്നു.



പോരാട്ടങ്ങളുടെ മൂന്നാംകണ്ണ്
the third eye of resistance
tribute to sarathchandran

പേജ്: 266
വില: 200 രൂപ
പ്രസാധനം: ശരതിന്റെ കൂട്ടുകാർ
ശ്രുതി, പൂകായിൽ പി.ഒ,
676107
കോപ്പികൾക്ക്: കേരളീയം,
കൊക്കാല, തൃശൂർ 21
ഫോൺ: 9446576943.